# പതിമൂന്നാം കേരള നിയമസഭ

12-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2182, 08.12.2014-ന് മറുപടിയ്ക്ക്**

## വന്യജീവികളിൽ നിന്നുള്ള ആക്രമണങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ.എൻ.എ. ഖാദർ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) | വനാതിർത്തിയോട് ചേർന്ന് ജീവിക്കുന്ന മനുഷ്യർക്കും വളർത്തുമൃഗങ്ങൾക്കും വന്യജീവികളിൽനിന്നുണ്ടാകുന്ന ആക്രമണങ്ങളാൽ അപകടമുണ്ടാകുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | വന്യജീവികളിൽനിന്നുള്ള ആക്രമണങ്ങളിൽ ജീവനും സ്വത്തിനും നാശനഷ്ടം നേരിടുന്നവർക്ക് നിലവിൽ എന്തെല്ലാം നഷ്ടപരിഹാരം നൽകുന്നുണ്ട്; | (ബി) | വന്യജീവി സംരക്ഷണ നിയമം 1972-ന്റെ 1 മുതൽ 4 വരെ ഷെഡ്യൂളിൽപ്പെട്ട വന്യമൃഗങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശത്തിനും, ജീവഹാനിക്കും പരിക്കിനും ജനങ്ങൾക്ക് ധനസഹായം നൽകാൻ 1980-ൽ നിലവിൽ വന്ന 'കേരളാ റൂൾസ് ഫോർ കോമ്പൻസേഷൻ ടു വിക്റ്റിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ്, 1980' എന്ന ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്നു. നമ്മുടെ നാട്ടിലെ വന്യമൃഗ-മനുഷ്യ സംഘർഷങ്ങൾക്ക് കാരണമാകുന്ന മിക്ക വന്യജീവികളും വന്യജീവി സംരക്ഷണ നിയമത്തിന്റെ ഷെഡ്യൂളുകളിൽ ഉൾപ്പെടുന്നവയാണ്. നിലവിലുള്ള നഷ്ടപരിഹാര തുക അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.<br>വന്യജീവി ആക്രമണത്തിന്റെ നഷ്ടപരിഹാരം ഒരു വ്യക്തിക്ക് |

വർഷത്തിൽ ഒരിക്കൽ മാത്രമേ നൽകൂ എന്നുള്ള വ്യവസ്ഥ വർഷത്തിൽ നാല് തവണ എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്.

ഇൻഷ്വറൻസ് പരിരക്ഷ.

കേരളത്തിലെ വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിനും വനത്തിനോട് ചേർന്ന് താമസിക്കുന്ന മറ്റുള്ളവർക്കും അപകട മരണത്തിനും ചികിത്സയ്ക്കും ചുവടെ പറയും പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയുമായി സഹകരിച്ച് നടപ്പിലാക്കി വരുന്നു.

എ) വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് (വിശദ വിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു)

ബി) വനത്തിന് പുറത്ത് താമസിക്കുന്ന മറ്റുള്ളവർ.

ഈ വിഭാഗത്തിൽ വന്യജീവികളുടെ ആക്രമണം മൂലം മരണമോ അംഗവൈകല്യമോ സംഭവിച്ചാൽ ഒരാൾക്ക് ഒരുലക്ഷം രൂപ വരെ ലഭിക്കുന്നതാണ്. അപേക്ഷകൾ അപകടം സംഭവിച്ച സ്ഥലത്തെ റെയിഞ്ച് ഓഫീസർ വഴി ഇൻഷ്വറൻസ് കമ്പനിക്ക് നൽകേണ്ടതാണ്.

| | | | |
|---|---|---|---|
| (സി) | കൂടോ, മയക്കുവെടിയോ വെച്ചോ പിടിച്ച് ദൂരെയുള്ള കാടുകളിൽ കൊണ്ടുപോയി വിടുന്ന വന്യമൃഗങ്ങൾ വീണ്ടും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ദൂരെയുള്ള കാടുകളിൽ കൊണ്ടുവിടുന്ന വന്യമൃഗങ്ങൾ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | എങ്കിൽ ഇതിന് ശാശ്വത പരിഹാരം കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ; | (ഡി) | ഉത്തരം സി-യുടെ വെളിച്ചത്തിൽ ബാധകമല്ല. |

(ഇ) നാട്ടിലിറങ്ങുന്ന വന്യജീവികളെക്കുറിച്ചുള്ള പൊതുജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(ഇ) നാട്ടിലിറങ്ങുന്ന വന്യജീവികളെക്കുറിച്ചുള്ള പൊതുജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിലേക്കായി താഴെപറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1) റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് വനത്തിന് വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേക്ക് തെളിച്ചുവിടുന്നതിനുള്ള നടപടികൾ.
2) പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിച്ച് കർഷകർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.
3) വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.
4) കാട്ടിലേക്ക് തിരിച്ചയയ്ക്കാൻ സാധിക്കാതെ വരുന്ന കാട്ടാനകളെ പിടിച്ച് മെരുക്കുന്നതിനുള്ള ആനപ്പന്തികളുടെ നിർമ്മാണം.
5) വന്യജീവികൾ നാട്ടിലേക്ക് ഇറങ്ങുന്നത് തടയുന്നതിനായി പ്രതിരോധമതിൽ, പ്രതിരോധ കിടങ്ങ്, സൗരോർജ്ജ കമ്പിവേലി എന്നിവയുടെ നിർമ്മാണം.
6) വന്യജീവി മൂലമുണ്ടാകുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുന്ന പദ്ധതി.
7) വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളുടെയും ചെക്കുഡാമുകളുടെയും നിർമ്മാണം.

സെക്ഷൻ ഓഫീസർ

## അനുബന്ധം-1

| ക്രമ നമ്പർ | കഷ്ടനഷ്ടങ്ങളുടെ സ്വഭാവം | നഷ്ടപരിഹാര തുക (രൂപ) |
|---|---|---|
| 1) | സ്ഥായിയായ അംഗഭംഗം | 75,000/- |
| 2) | വിളനാശം, വീട് നഷ്ടം, കന്നുകാലി നഷ്ടം | നഷ്ടത്തിന്റെ 100% (പരമാവധി 75,000/- രൂപ) |
| 3) | പരിക്ക് | പരമാവധി 75,000/- രൂപ (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ) പട്ടികവർഗ്ഗക്കാർക്ക് ചികിത്സയ്ക്ക് ചെലവായ മുഴുവൻ തുകയും തിരികെ ലഭിക്കും |
| 4) | മരണം | 5,00,000/- (അഞ്ച് ലക്ഷം) |
| 5) | വനത്തിന് പുറത്തുവച്ചുള്ള പാമ്പുകടി മൂലമുള്ള മരണം | 1,00,000/- (ഒരു ലക്ഷം) |

# അനുബന്ധം-2

| ക്രമ നമ്പർ | കഷ്ടനഷ്ടങ്ങളുടെ സ്വഭാവം | നഷ്ടപരിഹാര തുക (രൂപ) |
|---|---|---|
| 1) | അപകട മരണം/ അംഗവൈകല്യം | 1,00,000/- (ഒരു ലക്ഷം) |
| 2) | ചികിത്സാനുകൂല്യം - രോഗം മൂലമോ അപകടം മൂലമോ ഉണ്ടാകുന്ന ആശുപത്രി ചെലവ് | 5,000/- രൂപ വരെ |
| 3) | അംബുലൻസ്/വാഹന വാടക | 1,000/- രൂപ വരെ |
| 4) | പ്രകൃതി ദുരന്തം, വന്യജീവി ആക്രമണം എന്നിവമൂലം വീട്, കുടിലുകൾക്ക് ഉണ്ടാകുന്ന നാശനഷ്ടം | 5,000/- രൂപ വരെ |